# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: വി.എൻ. ജിതേന്ദ്രൻ)

**ഉത്തരവ് നമ്പർ. ഇ.9/11070/15**

തിരുവനന്തപുരം

**തീയതി 17-05-2015**

---

വിഷയം- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം- സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ ഓപ്ഷൻ അംഗീകരിച്ച് കൊണ്ടും പ്രസ്തുത ജീവനക്കാരുടെ 2014 വർഷത്തെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. ജി. ഒ.(പി) നമ്പർ 54/2010/ സാ.ക്ഷേ.വ തീയതി 10-08-2010.
2. ജി. ഓ.(പി) നമ്പർ 78/2012/ സാ.നീ.വ തീയതി 27-12-2012.
3. സാമൂഹ്യനീതി ഡയറക്ടറുടെ 23 -12-2014 ലെ ഇ.9/26000/14 നമ്പർ ഉത്തരവ്. (സീനിയോറിറ്റി ലിസ്റ്റ്)
4. സാമൂഹ്യനീതി ഡയറക്ടറുടെ 19 -02-2014 ലെ ഇ.7/6474/14 നമ്പർ പരിപത്രം
5. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. പി. പ്രസീതയുടെ 21..02..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള തൂണേരി ശിശുവികസന പദ്ധതി ആഫീസറുടെ 17..03..2014 ലെ ടി. എൻ. ഐ/ബി- 80/14 നമ്പർ കത്ത്.
6. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. കെ. രാജാമണിയുടെ 21..02..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ 21..02..2014 ലെ എ 913/14 നമ്പർ കത്ത്.
7. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. എം. എസ്സ്. ചിത്രയുടെ 28..02..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള മണ്ണാർക്കാട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസറുടെ 28..02..2014 ലെ ബി- 56/14 നമ്പർ കത്ത്.
8. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. പി. വാസന്തിഅമ്മാളുടെ 01..03..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള എറണാകുളം ജില്ലാ സാമൂഹ്യനീതി ആഫീസറുടെ 01..03..2014 ലെ എസ്സ്.ഡബ്ല്യു-1/920/14 നമ്പർ കത്ത്.
9. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. സി. പ്രസന്നകുമാരിയുടെ 04..03..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള കണ്ണൂർ റൂറൽ ശിശുവികസന പദ്ധതി ആഫീസറുടെ 05..03..2014 ലെ ICDS/KNR (R)/150 /2014 നമ്പർ കത്ത്.
10. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. പി. എൻ. രാജലക്ഷ്മിയുടെ 05..03..2014 ലെ ഓപ്ഷൻ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള ചവറ ശിശുവികസന പദ്ധതി ആഫീസറുടെ 06..03..2014 ലെ ICDS/CVR/ C1/458 /2013 നമ്പർ കത്ത്.

PDF processed with CutePDF evaluation edition www.CutePDF.com

1. പരാമർശം(1) ലെ ഉത്തരവ് പ്രകാരം നിലവിലുള്ള കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ പരാമർശം (2) പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതാണ്. സാമൂഹ്യനീതി ഡയറക്ടറുടെ പരാമർശം (3) ലെ നടപടിക്രമങ്ങളിലൂടെ 01-10-2010 മുതൽ 30-09-2014 വരെയുള്ള ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. സാമൂഹ്യക്ഷേമ വകുപ്പിൽ 10-08-2010 തീയതി പ്രാബല്യത്തിൽ നിലവിൽവന്ന പരാമർശം (1), പ്രകാരമുള്ള വിശേഷാൽ ചട്ടം പരാമർശം(2) പ്രകാരം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി 5 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായി നിശ്ചയിച്ചിട്ടുള്ള method 1 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടറും method 2 സാമൂഹ്യനീതിവകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് എന്നീ രണ്ട് വിഭാഗങ്ങളുമാണ്. ഈ രണ്ട് വിഭാഗങ്ങളുടേയും നിയമനരീതിയുടെ അടിസ്ഥാനത്തിൽ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി 1 : 1 എന്ന അനുപാതത്തിലുള്ള സ്ഥാനക്കയറ്റം/ ബൈട്രാൻസ്ഫർ നിയമനം നടത്തണമെന്നും ചട്ടം നിഷ്ക്കർഷിക്കുന്നു. രണ്ടാം ഫീഡർ കാറ്റഗറിയായ ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് വിഭാഗത്തിൽ നിന്നും ഓപ്ഷൻ മുഖേനയാണ് ജീവനക്കാർക്ക് നിയമനം നൽകേണ്ടതെന്നും 10-08-2010 ലെ വിശേഷാൽ ചട്ടം 3 (5)കുറിപ്പ് (3) നിഷ്ക്കർഷിക്കുന്നു.

3. പരാമർശം (1), (2) ലെ കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് കാറ്റഗറി നമ്പർ (5) ലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലെക്കുള്ള ഉദ്യോഗക്കയറ്റത്തിനായി ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരിൽനിന്നും പരാമർശം (4)ലെ പരിപത്ര പ്രകാരം ഓപ്ഷൻ ക്ഷണിച്ചിരുന്നു. ഇതിൻ പ്രകാരം പരാമർശം (5) മുതൽ (10) വരെയുള്ള ഓപ്ഷനുകൾ ലഭ്യമായിട്ടുണ്ട്. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നപക്ഷം കേരളാ സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് വിശേഷാൽ ചട്ടപ്രകാരമുള്ള ഉദ്യോഗക്കയറ്റങ്ങൾ അല്ലാതെ മറ്റ് ചാനലുകൾ വഴിയുള്ള ഉദ്യോഗക്കയറ്റങ്ങളിലേക്ക് ഏതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥ അംഗീകരിച്ചുകൊണ്ടുള്ള ഓപ്ഷനുകളാണ് ജീവനക്കാർ സമർപ്പിച്ചിരിക്കുന്നത്.

4. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് കാറ്റഗറി നമ്പർ (5) ലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിനായി ഹെഡ് ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ് വിഭാഗത്തിലുള്ള ശ്രീമതി. പി. പ്രസീത, ശ്രീമതി. എം. എസ്സ്. ചിത്ര, ശ്രീമതി. വാസന്തിഅമ്മാൾ, ശ്രീമതി. കെ. രാജാമണി, ശ്രീമതി. സി. പ്രസന്ന കുമാരി, എന്നീ ജീവനക്കാർ യഥാക്രമം പരാമർശം (6) മുതൽ (9) വരെ സമർപ്പിച്ച ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള ഓപ്ഷൻ അംഗീകരിച്ചകൊണ്ടും, ഓപ്ഷൻ അംഗീകരിക്കപ്പെട്ട പ്രസ്തുത ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയും ഉത്തരവാകുന്നു.

5. പരാമർശം (10) പ്രകാരം ശ്രീമതി.പി. എൻ. രാജലക്ഷ്മി ചില പ്രത്യേത വ്യവസ്ഥകൾ രേഖപ്പടുത്തിയാണ് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഓപ്ഷൻ നിരസിക്കുന്നു.

6. ഓപ്ഷൻ അംഗീകരിക്കപ്പെട്ട ജീവനക്കാർക്ക് കേരളാ സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് വിശേഷാൽ ചട്ടപ്രകാരമുള്ള ഉദ്യോഗക്കയറ്റങ്ങൾ അല്ലാതെ മറ്റ് ചാനലുകൾ വഴിയുള്ള ഉദ്യോഗക്കയറ്റങ്ങളിലേക്ക് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല. ഇതിൻ പ്രകാരം സാമൂഹ്യനീതി ഡയറക്ടറുടെ 23-12-2014 ലെ ഇ.9/26000/14 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01-10-2010 മുതൽ 30-09-2014 വരെ നിയമിതരായ ഹെഡ്ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ്മാരുടെ പരാമർശം (3) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ശ്രീമതി. പി. പ്രസീത (ക്രമ നമ്പർ.3), ശ്രീമതി. എം. എസ്സ്. ചിത്ര (ക്രമ നമ്പർ.6), ശ്രീമതി. വാസന്തിഅമ്മാൾ (ക്രമ നമ്പർ.7), ശ്രീമതി. കെ. രാജാമണി (ക്രമ നമ്പർ.27), ശ്രീമതി. സി. പ്രസന്ന കുമാരി (ക്രമ നമ്പർ.29), എന്നീ ജീവനക്കാരെ ഒഴിവാക്കിക്കൊണ്ടും പ്രസ്തുത ജീവനക്കാർക്ക് മേൽ പരാമർശിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രകാരം മിനിസ്റ്റീരിയൽ സർവ്വീസിലെ ഉദ്യോഗക്കയറ്റത്തിന് യാതൊരു അവകാശങ്ങളും ഉണ്ടായിരിക്കുകയില്ലെന്നു വ്യക്തമാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്

പകർപ്പ്

ഐ.റ്റി സെക്ഷൻ
(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനായി)
ബന്ധപ്പെട്ട കാര്യാലയങ്ങൾ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും കേരളാ സോഷ്യൽ വെൽ ഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 3 (5) കുറിപ്പ് 3 പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ 2014 വർഷത്തെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്

(സാമൂഹ്യനീതി ഡയറക്ടറുടെ ഇ.9/11070/2015 നമ്പർ നടപടിക്രമങ്ങൾ)

| Sl. No. | Name | Date of Birth | Qualification | | Date of Commencement of continuous service in the category | Remarks |
|---|---|---|---|---|---|---|
| | | | General | Special | | |
| 1 | 2 | 4 | 5 | 6 | 7 | 8 |
| 1. | ശ്രീമതി.പി. പ്രസീത | 25-05-1962 | SSLC, NTC in Mechanical of Radio & Television | MOP A/C Test (L) | 21-02-2011 | |
| 2. | ശ്രീമതി. എം.എസ്സ്.ചിത്ര | 31-05-1972 | BSc | MOP A/C Test (L) | 02-08-2011 | |
| 3. | ശ്രീമതി.വാസന്തി അമ്മാൾ | 19-07-1962 | BSc, Type Eng(L) | MOP A/C Test (L) | 02-08-2011 | |
| 4. | ശ്രീമതി.കെ. രാജാമണി | 10-02-1964 | SSLC, Type Eng(H), Mal (L) | MOP A/C Test (L) | 23-12-2011 | |
| 5. | ശ്രീമതി. സി. പ്രസന്നകുമാരി | 30-04-1961 | SSLC, BCom, Type Eng (L) | MOP A/C Test (L) | 23-12-2011 | |

സാമൂഹ്യനീതി ഡയറക്ടർ